**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 27** **23-08-2022 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മരുന്നു വിലവർദ്ധനയുടെ ഫലമായും മറ്റ് ചികിത്സാ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും പണമില്ലാത്തതിന്റെ പേരിൽ ചികിത്സാ സൗകര്യങ്ങൾ നിഷേധിക്കപ്പെടില്ലെന്ന് ഉറപ്പ് വരുത്താൻ ആവിഷ്കരിച്ചിട്ടുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിപുലീകൃത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആർ.എസ് .ബി.വൈ, ചിസ് , ചിസ് പ്ലസ് പദ്ധതികൾ ABPMJAY എന്ന കേന്ദ്ര പദ്ധതിയുമായി സംയോജിപ്പിച്ച "അഷ്വറൻസ്" ആശയത്തിൽ പ്രവർത്തിക്കുന്നതാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP). കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) മുഖാന്തിരം കേരളത്തിലെ നിർധനരായ 41.8 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ നൽകി വരുന്നുണ്ട് . പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആയതിൽ ഉൾപ്പെടാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതുമായ കുടുംബങ്ങൾക്ക് APL/BPL വ്യത്യസമില്ലാതെ ഒറ്റതവണത്തേക്ക് 2 ലക്ഷം രൂപയുടെ സൗജന്യചികിത്സ (വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപയുടെ വരെ സൗജന്യ ചികിത്സ) സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) മുഖാന്തിരം കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) പദ്ധതി എന്ന പേരിൽ നടപ്പിലാക്കി വരുന്നുണ്ട് .** |
| (ബി) | എത്ര കുടുംബങ്ങൾ സൗജന്യ ചികിത്സാ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | AB-PMJAY-KASP പ്രകാരം എൻറോൾ ചെയ്ത കുടുംബങ്ങളുടെ എണ്ണം: 41,78,329. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ ചെലവഴിച്ച തുക എത്രയെന്നും ഇതിൽ കേന്ദ്ര, സംസ്ഥാന വിഹിതം എത്ര വീതമായിരുന്നു എന്നും അറിയിക്കാമോ; | (സി) | 2021-2022 സാമ്പത്തിക വർഷത്തേക്കുള്ള AB-PMJAY-KASP പദ്ധതിയുടെ ക്ലെയിം ചെയ്ത തുക- 14,69,22,20,798/- 2021-2022 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 1002.5 കോടി ചിലവിട്ടു, പുറമെ 138.89 കോടി രൂപ കേന്ദ്ര വിഹിതമായി ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സർക്കാർ ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തെ ആശുപത്രികളെ രോഗീ സൗഹൃദമാക്കുകയും ഗുണമേന്മയും സൗഹൃദ പരവുമായുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നതിനായി ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരോ ജില്ലയിൽ നിന്നും ഒരു ജില്ലാതല ആശുപത്രിയെയും ഓരോ താലൂക്കിൽ നിന്നും ഒരു താലൂക്ക് തല ആശുപത്രിയെയും ഈ പദ്ധതിയിൽ ഉൾപ്പെ ടുത്തുകയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തു കയും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങ ളാക്കി ഉയർത്തുകയും ചെയ്യുന്ന പ്രവർത്ത നങ്ങൾ നടന്നു വരുന്നു.<br><br>പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശുപ ത്രികളിൽ രോഗികൾക്ക് വിശ്രമിക്കുന്ന തിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പ് വരുത്തുന്ന തിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർ വേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതി യിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർ പോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതിക ൾക്കായി ക്ലിനിക്കുകളും ലഭ്യമാക്കുന്നുണ്ട്.<br><br>പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോ ഗ്യകേന്ദ്രങ്ങളാക്കിയതിന്റെ ഭാഗമായി ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ - 170, സ്റ്റാഫ് നേഴ്സ് ഗ്രേഡ് II -340, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II -170, ഫാർമസിസ്റ്റ് 150 എന്നീ തസ്തികകളും രണ്ടാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ - 400, സ്റ്റാഫ് നേഴ്സ് ഗ്രേഡ് II - 400, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II -200 എന്നീ തസ്തികകളും സൃഷ്ടിക്കപ്പെട്ടു.<br><br>KASP പദ്ധതിയുടെ ഭാഗമായി ആശുപത്രികളുടെ പ്രധാന കവാടത്തിനോട് ചേർന്ന് ഒരേ നിറത്തിലും സമാന സ്വഭാവത്തിലും ഉള്ള വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയ KASP കിയോസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ആശുപത്രി കിയോസ്കുകളിൽ നിന്നു ലഭിക്കുന്ന സേവനങ്ങൾ.<br><br>**1. എ**. KASP പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന ബി ഐ എസ് (BIS) സിസ്റ്റത്തിൽ തിരഞ്ഞ് ഗുണഭോക്താക്കളെ തിരിച്ചറിയുകയും KASP കാർഡ് ലഭ്യമാക്കുകയും ചെയ്യുന്നു.<br><br>**ബി**. ഒരു രോഗി വന്നാൽ ആ രോഗിയുടെ KASP രജിസ്ട്രേഷൻ മുതൽ ഡിസ്ചാർജ് ആകുന്നതുവരെയുള്ള എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നു.<br><br>**സി.** KASP പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കിയോസ്കുകളിൽ നിന്നു ലഭ്യമാണ്. കൂടാതെ KASPമായി ബന്ധപ്പെട്ട ദൈനം ദിന അറിയിപ്പുകളും കിയോസ്കുകൾ വഴി ലഭ്യമാകും.<br><br>2. KASP/KBF പദ്ധതി ഗുണഭോക്താക്കൾക്ക് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി കിയോസ്കിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള പരാതിപെട്ടിയിലോ www.cgrms.pmjay.gov.in എന്ന പോർട്ടലിലോ പരാതികൾ സമർപ്പിക്കാവുന്നതാണ്. ഈ വിവരം എല്ലാ ആശുപത്രികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ദിശ 1056 /104 ടോൾ ഫ്രീ നമ്പരും ആശുപത്രി കിയോസ്കിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ